പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6564 — 8.11.2016 ൽ മറുപടിയ്ക്ക്

**പ്രാരംഭ വൈകല്യ മുക്തി കേന്ദ്രങ്ങൾ**

ചോദ്യം — മറുപടി

ശ്രീ.അബ്ദുൽ ഹമീദ് പി — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പ്രാരംഭ വൈകല്യ മുക്തി കേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് . എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പിലെ National Health Mission ന്റെ Rashtreeya Bal Swastya Karyakram(RBSK) പദ്ധതിയുടെ ഭാഗമായ താൽക്കാലിക ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. സാമൂഹ്യസുരക്ഷാ മിഷന്റെ എസ്.ഐ.ഡി പ്രോജക്ടിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എവിടെയെല്ലാം ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എസ്.ഐ.ഡി പദ്ധതിയിൻ കീഴിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിർമ്മാണ ഘട്ടത്തിലായതിനാൽ നിലവിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (സി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള പ്രാരംഭ വൈകല്യ മുക്തി കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുമോ? | (സി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എസ്.ഐ.ഡി പ്രോജക്ടിന്റെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ